DESPATCHED On 28/2/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 50*(2)/2021*/*എസ്.ഐ.സി.***
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **1063**/*എസ്.ഐ.സി-ജി 6/21*)
സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ.ഹരീഷ് പി.,
പുഞ്ചത്ത് വീട്,
പേരശനൂർ പോസ്റ്റ്,
കുറ്റിപ്പുറം, മലപ്പുറം ജില്ല,
പിൻ – 679 571.** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ& സെക്രട്ടറി,
കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത് കാര്യാലയം,
കുറ്റിപ്പുറം പി.ഒ., മലപ്പുറം ജില്ല,
പിൻ – 679 571.**

2. **അപ്പീൽ അധികാരി& പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,
പഞ്ചായത്ത് അസി.ഡയറക്ടറുടെ കാര്യാലയം,
സിവിൽ സ്റ്റേഷൻ, മലപ്പുറം,
പിൻ – 676 505.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 05.08.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 26.08.2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 10.09.2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 19.10.2020 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 17.01.2021 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 20.01.2021 |
| ഹിയറിംഗ് നടന്ന തീയതി | 19.01.2023, വീഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് വ്യക്തവും പൂർണ്ണവും ഉചിതവുമല്ലാത്ത മറുപടിയാണ് നൽകിയതെന്നും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിന് അപ്പീൽ അധികാരി നിർദ്ദേശിച്ചിട്ടും വ്യക്തമായ മറുപടി നൽകാതെ പല പ്രാവശ്യം അനാവശ്യ കത്തിടപാടുകളും പലതവണ പഞ്ചായത്തിലേയ്ക്ക് നടത്തുകയും ടിയാൻ ഉന്നയിച്ച ആക്ഷേപങ്ങൾക്ക് ഒരു ബന്ധവുമില്ലാത്ത മറുപടിയുടെ കോപ്പികളാണ് ടിയാന് നൽകിയതെന്നും ആയതിനാൽ ടിയാന്റെ പരാതി പരിഹരിക്കുന്നതിനും വ്യക്തമായ മറുപടി ലഭിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

2. അപ്പീൽ ഹർജിക്കാരൻ 05.08.2020ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ എന്തെല്ലാം പ്രവർത്തികൾക്കാണ് 2019–2020 കാലയളവിൽ കുറ്റിപ്പുറം പഞ്ചായത്തിൽ ഉൾപ്പെടുത്തി നൽകിയിരിക്കുന്നതെന്നും

2) പ്രസ്തുത കാലയളവിൽ ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെട്ട ബയോഗ്യാസ് എത്ര പേർക്ക് നൽകിയെന്നും അവരുടെ പേരു വിവരം, അഡ്രസ്സ്, ഫോൺ നമ്പർ ഉൾപ്പെടെ അനുവദിച്ച തുക, പദ്ധതി വിഹിതം, ഉപഭോക്തൃ വിഹിതം ഉണ്ടെങ്കിൽ ആയത് നൽകണമെന്നും തുക മുഴുവനായും അനുവദിച്ചോയെന്നും ഇല്ലെങ്കിൽ എന്ന് അനുവദിക്കുമെന്നും എത്ര തുക നൽകുമെന്നും

3) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട പൗൾട്രി ഷെൽട്ടർ എത്രപേർക്ക് നൽകിയെന്നും പേര്, അഡ്രസ്സ്, ഫോൺ നമ്പർ ഉൾപ്പെടെ നൽകണമെന്നും

4) പൗൾട്രി ഷെൽട്ടറിനു അനുവദിച്ച തുക, എല്ലാറ്റിനും ഒരു തുകയാണോ അനുവദിച്ചതെന്നും വ്യത്യാസം ഉണ്ടെങ്കിൽ എത്ര, വ്യത്യാസം ഉണ്ടെങ്കിൽ എന്തുകൊണ്ടെന്നും തുടങ്ങി 36 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

ആയതിന് 26.08.2020ന് മറുപടി നൽകിയതായി കാണുന്നു. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 19.10.2020ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി നൽകിയിരുന്നുവെന്നും ടി മറുപടിയിൽ തൃപ്തനല്ലെന്ന് കാണിച്ച് സമർപ്പിച്ച ഒന്നാം അപ്പീലിൽ ഏത് ചോദ്യത്തിനുള്ള മറുപടിയിലാണ് ഹർജിക്കാരന് വ്യക്തത വരാത്തതെന്നും ഏത് ചോദ്യത്തിനുള്ള മറുപടിയിലാണ് പൂർണ്ണമല്ലാ

ത്തത് എന്നത് സംബന്ധിച്ച് വ്യക്തത വരുത്തി ടി ചോദ്യങ്ങൾക്ക് മറുപടി നൽകാൻ 19.10.2020ലെ കത്തു പ്രകാരം അപ്പീൽ അധികാരി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 20.10.2020ന് ഒന്നാം എതിർകക്ഷി കത്ത് അയയ്ക്കുകയും അപ്പീൽ ഹർജിക്കാരൻ 27.10.2020ലെ കത്തു പ്രകാരം ഏതൊക്കെ ചോദ്യ ങ്ങൾക്കാണ് മറുപടി തൃപ്തികരമല്ലാത്തത് എന്ന് നമ്പറുകൾ മാർക്ക് ചെയ്ത് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും, വിവരാവകാശ നിയമപ്രകാരം ടി ഓഫീസിൽ ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിലാണ് മറുപടി നൽകുന്നതെന്നും വ്യക്തത വരുത്തണമെന്ന് ടിയാൻ ആവശ്യപ്പെട്ടിട്ടുള്ള ചോദ്യങ്ങൾക്കുള്ള മറുപടി നൽകിയിട്ടുണ്ടെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുക ക്ഷികളെയും നേരിൽ കേട്ടതിലും ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന് തൃപ്തികരമായ മറുപടി ലഭിച്ചില്ലെന്നാണ് കമ്മീഷൻ മുമ്പാകെ ആക്ഷേപമുന്നയി ച്ചിരിക്കുന്നത്. മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, പരാതി പരിഹാരമാണ് വിവരാവകാശ അപേക്ഷയിലും രണ്ടാം അപ്പീലിലും ആവശ്യപ്പെ ട്ടിരിക്കുന്നതെന്നും പരാതി പരിഹാരം വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്ന വിഷയമല്ലാത്തതിനാൽ ഹർജിക്കാരന്റെ അപേക്ഷയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിക്കുന്നതിനുള്ള അവസരം ടിയാന് നൽകണമെന്നു കമ്മീഷൻ ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു.

5. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2023 ഫെബ്രുവരി 08-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/